**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **18-01-2021 - ൽ മറുപടിയ്ക്ക്**

**കരുവാറ്റക്കടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | താമരശ്ശേരി, ഉണ്ണികുളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണ നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | 2009-ൽ പ്രസ്തുത പാലം നിർമ്മാണത്തിനായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണമറിയിക്കാമോ; | (ബി) | കരുവാറ്റക്കടവ് പാലത്തിന് 2009-ൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ആയിരുന്നു. 2013-ൽ മാത്രമാണ് പ്രസ്തുത സ്ഥലയുടമ ഫ്രീ സറണ്ടർ ആയി സ്ഥലം സർക്കാരിലേക്ക് പാലം നിർമ്മിക്കുന്നതിനായി വിട്ടു നൽകിയത്. ഈ കാലയളവിനുള്ളിൽ ഭരണാനുമതി കാലഹരണപ്പെടുകയുണ്ടായി. |
| (സി) | പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (സി) | സ്ഥലം ലഭ്യമായതിനു ശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും, രൂപകൽപ്പന നടത്തുകയും ചെയ്തതിനു ശേഷം 3.50 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ